# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6095** **07.11.2016 ൽ മറുപടിയ്ക്ക്**

## കശുമാവ് കൃഷി വ്യാപനത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.വി.രാജേഷ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ** [കൃഷി വകുപ്പ് മന്ത്രി] |
| സംസ്ഥാനത്ത് കുറഞ്ഞുവരുന്ന കശുമാവ് കൃഷി വ്യാപനത്തിന് എന്തെങ്കിലും പദ്ധതി കൃഷി വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ? | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ 2016-17 സാമ്പത്തിക വർഷത്തിലെ വാർഷിക കർമ്മ പദ്ധതിയിൽ 100 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനത്തിനായി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷിയുടെ സമഗ്ര വികസനത്തിനായി 26.9367 കോടി രൂപയുടെ 'Sustainable Development of Cashew Cultivation in Kerala to enhance the export earnings of India' എന്ന പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം, 5500 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപനം, പ്രായാധിക്യം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ 5000 ഹെക്ടറിൽ കശുമാവ് കൃഷി പുനരുദ്ധാരണം, യന്ത്രവത്ക്കരണം, മാനവവിഭവശേഷി വികസനം, വിളവെടുപ്പിന് ശേഷമുള്ള പരിപാലനം എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് കശുവണ്ടിയുടെ ആവശ്യകതക്കനുസരിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് മന്ത്രിയും കശുവണ്ടി വികസന കോർപ്പറേഷന്റെ ചുമതലയുള്ള ഫിഷറീസ് വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**